LIBRARY ARCHIVES Kerala Legislative Assembly

ക്കെതിരെ കർശന നിയമനടപടികൾ സ്വീകരിക്കുക. ഈ പ്രവർത്തനങ്ങൾക്ക് ഡെപ്യൂട്ടി എക്സൈസ് കമ്മീഷണറുടെ മേൽനോട്ടത്തിൽ എക്സൈസ് സർക്കിൾ ഇൻസ്പെക്ടർ നേതൃത്വം നൽകുന്നു. സമൂഹത്തിലെ എല്ലാ വിഭാഗം ജനങ്ങൾക്കിടയിലും ലഹരി വിരുദ്ധ ബോധവൽക്കരണ പ്രവർത്തനങ്ങൾ എത്തിക്കുന്നതിന് ബോധവൽക്കരണ ക്ലാസ്സുകൾ, ലഘു ചിത്ര പ്രദർശനങ്ങൾ, ലഘുലേഖ വിതരണം എന്നിവ സംഘടിപ്പിക്കുക. കൂടാതെ ദൃശ്യ-ശ്രവ്യ-അച്ചടി മാധ്യമങ്ങളിലൂടെ ലഹരി വിരുദ്ധ ബോധവൽക്കരണ ആശയങ്ങൾ പ്രചരിപ്പിക്കുക, സ്കൂൾ കോളേജ് തലങ്ങളിൽ ലഹരി വിരുദ്ധ ക്ലബ്ബുകൾ, നാഷണൽ സർവ്വീസ് സ്കീം, സ്റ്റുഡന്റ് പോലീസ് കേഡറ്റ് എന്നിവയിലൂടെയും കുടുംബശ്രീ, റസിഡന്റ്സ് അസോസിയേഷൻ എന്നിവയിലൂടെയും ബോധവൽക്കരണ പരിപാടികൾ ജനമൈത്രി എക്സൈസ് സംഘടിപ്പിക്കുന്നു.

(സി) ജനമൈത്രി എക്സൈസ് എന്ന പേരിൽ ഒരു എക്സൈസ് സർക്കിൾ ഇൻസ്പെക്ടറുടെ നേതൃത്വത്തിൽ 15 അംഗ ഉദ്യോഗസ്ഥരെ പുതിയതായി നിയമിച്ച് ഒരു കർമ്മസേന അട്ടപ്പാടിയിൽ രൂപീകരിച്ച് ഇതിനോടകംതന്നെ ലഹരിവിരുദ്ധ ബോധവല്ക്കരണവും എൻഫോഴ്സ്മെന്റ് പ്രവർത്തനവും ജനകീയ പങ്കാളിത്തത്തോടെ അട്ടപ്പാടിയിൽ നടത്തിവരുന്നു.

ബിവറേജസ് കോർപ്പറേഷൻ ഔട്ട്ലെറ്റുകളിലെ ബില്ലിംഗ് സിസ്റ്റം

78 (1782) ശ്രീ. പി. തിലോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ബിവറേജസ് കോർപ്പറേഷൻ ഔട്ട്ലെറ്റുകളിൽ വ്യാജ ബില്ലിംഗ് സമ്പ്രദായം കാണപ്പെടുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇതു നിയന്ത്രിക്കുന്നതിന് പ്രസ്തുത ഔട്ട്ലെറ്റുകളിലെ കച്ചവടവും വിലയും ബില്ലിംഗും ഒരു നെറ്റ്വർക്കിലൂടെ ബന്ധിപ്പിച്ച് നിരീക്ഷണവിധേയമാക്കാനുള്ള നടപടി സ്വീകരിക്കുമോ ;

(ബി) മദ്യം വാങ്ങുന്ന ഉണഭോക്താവ് എല്ലാ നിലയിലും വഞ്ചിക്കപ്പെടുന്ന സാഹചര്യം ഒഴിവാക്കുവാൻ എന്തൊക്കെ നടപടികളാണ് കൈക്കൊള്ളുന്നതെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ബിവറേജസ് കോർപ്പറേഷൻ ഔട്ട്ലെറ്റുകളിൽ വ്യാജ ബില്ലിംഗ് സമ്പ്രദായം ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ഉപഭോക്താക്കൾ വഞ്ചിക്കപ്പെടാതിരിക്കാൻ താഴെ പറയുന്ന നടപടികൾ കോർപ്പറേഷൻ സ്വീകരിച്ചിട്ടുണ്ട് :

1. വെയർഹൗസുകളിൽ ഇറക്കുമതി ചെയ്യുന്ന മദ്യത്തിന്റെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനായി മദ്യത്തോടൊപ്പം അതാതു സംസ്ഥാനങ്ങളിലെ കെമിക്കൽ എക്സാമിനർ സാക്ഷ്യപ്പെടുത്തിയ കെമിക്കൽ എക്സാമിനേഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കാറുണ്ട്. ഈ സർട്ടിഫിക്കറ്റിൽ മദ്യം വിഷമയമല്ലെന്നും ഉപയോഗയോഗ്യമാണെന്നും സാക്ഷ്യപ്പെടുത്തിയിട്ടുണ്ടെങ്കിൽ മാത്രമേ മദ്യം വിൽക്കുകയുള്ളൂ.

2. ബിവറേജസ് കോർപ്പറേഷൻ വിൽക്കുന്ന മദ്യം ഉപയോഗയോഗ്യമാണെന്നും എല്ലാ തരത്തിലുമുള്ള നികുതികളും അടച്ചിട്ടുള്ളതാണെന്നും ഉറപ്പുവരുത്താറുണ്ട്. കൂടാതെ ഓരോ കുപ്പിയുടെ അടപ്പിന് മേൽ കോഡും സീരിയൽ നമ്പരും അടങ്ങിയിട്ടുള്ള ഹോളോഗ്രാഫിക് സെക്യൂരിറ്റി ലേബൽ ഒട്ടിച്ച കുപ്പികളാണ് ബിവറേജസ് കോർപ്പറേഷന്റെ വെയർഹൗസുകളിൽ നിന്നും ബാറുകളിലേക്കും ബിവറേജസ് ഔട്ട്ലെറ്റുകളിലേക്കും വിതരണം ചെയ്യുന്നത്. സെക്യൂരിറ്റി ലേബലിന്റെ കോഡും സീരിയൽ നമ്പരും പരിശോധിച്ചാൽ ഓരോ കുപ്പിയും ഏതു വെയർഹൗസിൽ നിന്നാണ് വിതരണം ചെയ്തതെന്ന് കണ്ടുപിടിക്കുവാൻ സാധിക്കും.

3. ഉപഭോക്താക്കൾ മദ്യം വാങ്ങുമ്പോൾ കൊടുക്കേണ്ട വില ഓരോ കുപ്പിയിലും ഒട്ടിച്ചിരിക്കുന്ന ബ്രാൻഡ് ലേബലിൽ രേഖപ്പെടുത്തിയിരിക്കുന്നു.

4. ഉപഭോക്താക്കളുടെ അറിവിനായി ബിവറേജസ് ഔട്ട്ലെറ്റുകളിൽ ലഭ്യമായ ബ്രാൻഡുകളുടെ വില വിവരം പ്രദർശിപ്പിച്ചിട്ടുണ്ട്.

5. മദ്യം നൽകുന്നതോടൊപ്പം മദ്യത്തിന്റെ വില അടങ്ങിയ ബിൽ ഉപഭോക്താക്കൾക്ക് നൽകാറുണ്ട്.

6. ഉപഭോക്താക്കൾ വഞ്ചിക്കപ്പെടാതിരിക്കാൻ കോർപ്പറേഷന്റെ ഇന്റേണൽ ഓഡിറ്റ് വിഭാഗം ഔട്ട്ലെറ്റുകളിലും വെയർഹൗസുകളിലും മിന്നൽ പരിശോധന നടത്താറുണ്ട്.

7, വില ഈടാക്കുന്നതിലോ ബില്ലിംഗിലോ പരാതികൾ ഉണ്ടെങ്കിൽ ആയത് എസ്.എം.എസ്. വഴി കോർപ്പറേഷൻ അധികാരികളെ അറിയിക്കുന്നതിന് സൗകര്യം ഒരുക്കിയിട്ടുണ്ട്. ഇപ്രകാരം ലഭിക്കുന്ന പരാതികൾ സംബന്ധിച്ച് സമയബന്ധിതമായി അന്വേഷണം നടത്തി നടപടികൾ സ്വീകരിക്കാറുണ്ട്.

ട്രാക്ക് & ട്രയ്സ് സിസ്റ്റമനുസരിച്ച് സ്മാർട്ട് ഫോൺ വഴി മദ്യകുപ്പിയുമായി ബന്ധപ്പെട്ട എല്ലാ വിവരങ്ങളും ഉപഭോക്താവിന് മനസ്സിലാക്കാൻ കഴിയുന്ന രീതിയും ആധുനിക രീതിയിലുള്ള സെക്യൂരിറ്റി സ്റ്റിക്കർ ഉൽപ്പാദിപ്പിച്ച് പതിപ്പിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly